**പതിമൂന്നാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3514 18.02.2013 - ൽ മറുപടിയ്ക്ക്

**'ഹംഗർ ഫ്രീ സിറ്റി' പദ്ധതി**

ചോദ്യം

ഉത്തരം

ശ്രീ. എ. കെ. ബാലൻ

**ഡോ. എം.കെ. മുനീർ**

( ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | 'ഹംഗർ ഫ്രീ സിറ്റി' പദ്ധതി സംസ്ഥാനത്തു നടപ്പിലാക്കിത്തുടങ്ങിയിട്ടുണ്ടോ; പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമാണ്; | (എ) | ഉണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിലെ രോഗികൾക്കും കൂട്ടിരിപ്പുകാർക്കുമായി പ്രതിദിനം രണ്ടായിരത്തിൽപ്പരം ഗുണഭോക്താക്കൾക്ക് സൗജന്യമായി ഉച്ചഭക്ഷണം നൽകി വരുന്നു. കൂടാതെ കൊല്ലം, മലപ്പുറം നഗരങ്ങളിൽ കൂടി പുതുതായി ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. |
| (ബി) | സംസ്ഥാനത്തെ ഏതെല്ലാം സിറ്റികളിലാണ് പദ്ധതി നടപ്പാക്കുന്നത്; ഈ പദ്ധതിക്കായി ഇതിനകം എത്ര തുക ചെലവാക്കി; ശരാശരി എത്ര പേർക്കാണ് ഈ പദ്ധതിയിലൂടെ ഒരുദിവസം ഭക്ഷണം നൽകുന്നത്; | (ബി) | കോഴിക്കോട് , മലപ്പുറം, കൊല്ലം എന്നീ നഗരങ്ങളിൽ പദ്ധതി നടപ്പിലാക്കി വരുന്നു. കോഴിക്കോട് നഗരത്തിൽ ഇതുവരെ 3,29,88,742/- രൂപ ചെലവഴിച്ചിട്ടുണ്ട്. കൊല്ലം, മലപ്പുറം നഗരങ്ങളിലെ പദ്ധതി ചെലവുകളുടെ തുക അനുവദിയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നതേയുള്ളൂ. കോഴിക്കോട് ശരാശരി പ്രതിദിനം 2000-ൽപരം പേരും മലപ്പുറത്ത് പ്രതിദിനം 500-ൽ പരം പേരും കൊല്ലത്ത് പ്രതിദിനം 1000-ൽപരം പേരും പദ്ധതിയുടെ ഗുണഭോക്താക്കളാണ്. |
| (സി) | ഈ പദ്ധതിയുടെ മുഴുവൻ ചെലവും സംസ്ഥാന സർക്കാർ തന്നെയാണോ വഹിക്കുന്നത്; അല്ലെങ്കിൽ, ആയതിന്റെ വിശദാംശങ്ങൾ നൽകുമോ; | (സി) | കോഴിക്കോട് നഗരത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതിയുടെ മുഴുവൻ ചെലവും സംസ്ഥാന സർക്കാർ തന്നെയാണ് വഹിക്കുന്നത്. എന്നാൽ മലപ്പുറം, കൊല്ലം നഗരങ്ങളിൽ ആരംഭിച്ച പദ്ധതിയുടെ 50% ചെലവ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും 50% കേരള സാമൂഹ്യ സുരക്ഷാമിഷനുമാണ് വഹിക്കുന്നത്. |
| (ഡി) | ഈ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ ധനസഹായം ലഭിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ, ആയതിന്റെ വിശദാംശങ്ങൾ നൽകുമോ? | (ഡി) | ഇല്ല. |

R. Vijayan

സെക്ഷൻ ഓഫീസർ